DE 2/3/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ CP-532*(2)/2022*/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ 18374/എസ്.ഐ.സി-ജി6/2022)

സന്നിഹിതൻ
ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. പി.വി. ധർമ്മൻ,<br>പൂവ്വത്തൂർ വീട്,<br>ഞമനേങ്ങാട് (പി.ഒ),<br>തൃശ്ശൂർ – 679 563. | ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട്,<br>വടക്കേക്കാട് ഗ്രാമപഞ്ചായത്ത്,<br>ഞമനേങ്ങാട് (പി.ഒ),<br>തൃശ്ശൂർ – 679 563. | എതിർകക്ഷി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. പി.വി. ധർമ്മൻ 07/12/2022-ന കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയിന്മേൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

2) എന്നാൽ പരാതി ഹർജികളിൽ വിവരങ്ങളോ, മറുപടിയോ രേഖകളോ നൽകണമെന്ന് നിയമപരമായി നിർദ്ദേശിക്കാൻ കഴിയുന്നതല്ല. മറുപടി ലഭ്യമാക്കുന്നതിൽ എസ്.പി.ഐ.ഒ-യുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ, ടി എസ്.പി.ഐ.ഒ-ക്കെതിരെ നടപടി എടുക്കാൻ മാത്രമേ വിവരാവകാശ നിയമം അനുശാസിക്കുന്നുള്ളു.

3) ഹർജിക്കാരൻ വിവരങ്ങളും, രേഖകളും വേണമെന്ന് ആവശ്യപ്പെടുന്ന പശ്ചാത്തലത്തിൽ, ടിയാൻ എസ്.പി.ഐ.ഒ-യുടെ ഓഫീസിലെ ഒന്നാം അപ്പീൽ അധികാരിയെ സമീപിച്ച് അപ്പീൽ ഹർജി നൽകേണ്ടതാണ്. ആയതിന്റെ മറുപടി ലഭിച്ച ശേഷം, ആവശ്യമെങ്കിൽ, വീണ്ടും ടിയാന് കമ്മീഷനിൽ രണ്ടാം അപ്പീൽ ഹർജി സമർപ്പിച്ച് പരിഹാരം തേടാവുന്നതാണ്.

4) മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 27-ാം തീയതി കമ്മീഷൻ ഉത്തരവ് ആകുന്നു.

(ഒപ്പ്)
ഡോ. കെ.എൽ. വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV